 PDF BY mullookkaaran@gmail.com




## ഒരു ബ്ലാക്ക് & വൈറ്റ് അഭിമുഖം 2 *(ശ്രീ. ബെർളി തോമസ്)*

ഈ ആഴ്ചയിൽ നട്ടപ്പിരാന്തുകളിലെ "ബ്ലാക്ക് & വൈറ്റ് അഭിമുഖത്തിൽ പങ്കെടുക്കുന്നത് ശ്രീ. ബെർളി തോമസ് ആണ്. ബൂലോകത്തിൽ യാതൊരു പരിചയപ്പെടുത്തലും വേണ്ടാത്ത ഒരു മലയാളം ബ്ലോഗർ. ഈ ഇന്റർവ്യൂവിന്റെ കാര്യത്തിനായിട്ടാണ് ഞാൻ ആദ്യമായി ബെർളിയെ വിളിക്കുന്നത്. എന്നോടുള്ള സംസാരത്തിൽ, ശ്രീ. ബെർളി പുലർത്തിയ മാന്യതയും, സ്നേഹവും എടുത്ത് പറയേണ്ടതാണ്. നമ്മൾ ഒരു വ്യക്തിയുടെ ബ്ലോഗ് വായിച്ച് ഒരു വ്യക്തിയെ ആ പോസ്റ്റിലൂടെ അയാളുടെ സ്വഭാവത്തെ, ജീവിത വീക്ഷണങ്ങളെ, അല്ലെങ്കിൽ ചില മുൻവിധികളോട് ചേർന്ന് വിലയിരുന്നത് തെറ്റാണെന്ന ഒരു നിലപാടിലാണ് ഞാൻ ഇത്തരം ഒരു അഭിമുഖത്തിന് തയ്യാറായത്. അങ്ങിനെ പാർശ്വവൽക്കരിക്കപ്പെട്ട ബ്ലോഗരിലൂടെയുള്ള ഒരു യാത്രയാണ് "ബ്ലാക്ക് & വൈറ്റ് അഭിമുഖം". അതിൽ പങ്കെടുക്കാൻ കാണിച്ച സൌമനസ്യത്തിന് ശ്രീ. ബെർളിയോട് എന്റെ അകമഴിഞ്ഞ സ്നേഹം ഇവിടെ പ്രകടിപ്പിക്കുന്നു.

***1 - "ബെർളി തോമസ്" എന്നത് ഒരു ബ്ലോഗറുടെ പേരിനപ്പുറം, "ബെർളീ" എന്ന നാമം ബൂലോകത്തൊരു "ബ്രാൻഡ്" ആയി മാറിയതിനെ എങ്ങിനെ നോക്കി കാണുന്നു.?***

അടിവാരം ഓമന, വട്ടവള ഉളസി എന്നൊക്കെയുള്ളതുപോലെയൊരു ബ്രാൻഡിങ് ഉണ്ടായിട്ടുണ്ടെന്ന തോന്നുന്നു. ഒക്കെ വിധി അല്ലാതെന്തു പറയാൻ.

***2- പാർശ്വവൽക്കപ്പെട്ടവരെ ശ്രദ്ധിക്കുകയും, അവരുടെ വിഷയം മറ്റാരും കാണാത്ത രീതിയിൽ അവതരിപ്പിക്കുകയും ചെയ്യുന്നത് ബെർളിയുടെ ഒരു കഴിവാണല്ലോ. അത്തരത്തിൽ ബെർളി പുലർത്തുന്ന സമീപനത്തിന് ഉദാഹരണമല്ലേ "സിൽസില" എന്ന പുതിയ പോസ്റ്റ്?***

യൂ ട്യൂബിൽ ഏറ്റവും അധികം ഹിറ്റ് നേടിയ മലയാളം സംഗീത ആൽബം പാർശ്വവൽക്കരിക്കപ്പെട്ടതാണ് എന്നത് തന്നെ തെറ്റാണ്. സത്യത്തിൽ അതിനെ തെറിവിളിക്കുന്നവരാണ് പാർശ്വവൽക്കരിക്കപ്പെട്ടവർ. അതുപോലെ തന്നെയാണ് എല്ലാ പോസ്റ്റുകളും, അല്ലാതെ വേറൊരു ശ്രമവുമില്ല.

***3- ആർക്കും കമന്റ് ഇടാത്തത് ഒരു പോസ്റ്റിനും നിലവാരമില്ലെന്ന തോന്നുന്നത് കൊണ്ടാണോ?***

നല്ല നല്ല ബ്ലോഗുകളിൽ കയറി കമൻറിട്ട് ഞാൻ ആ ബ്ലോഗ് കൂടി നാറ്റിച്ചു എന്നാരും പറയാതിരിക്കാനാണ്. ഇതിപ്പോൾ ഞാനും ബ്ലോഗും മൊത്തത്തിലൊരു നാറ്റക്കേസാണെന്ന ചീത്തപ്പേരെയുള്ളൂ.

***4- സ്വന്തം ബ്ലോഗിലെ പരസ്യത്തിൽ നിന്നും വരുമാനം കിട്ടുന്നുണ്ടോ?***

തീർച്ചയായും ഉണ്ട്.

***5- എന്തുകൊണ്ടാണ് ബ്ലോഗ് മീറ്റുകളിൽ പ്രത്യക്ഷപ്പെടാത്തത?***

സുരക്ഷാപ്രശ്നം കൊണ്ടാണ്.

***6- ആരാണ്/ആരൊക്കെയാണ് ബൂലോകത്തെ അടുത്ത സുഹൃത്തുക്കൾ?***

അടുത്ത ശത്രുക്കളുടെ പേരു ചോദിച്ചാൽ പറയാം.

***7- ഗൾഫുകാരോട് NRI / ഒരു പുച്ഛം ഉണ്ടോ? അതു വിദേശത്ത് പോകാൻ പറ്റാത്തതുകൊണ്ടല്ലേ?***

http://nattapiranthukal.blogspot.com/2010/07/2.html

ഗൾഫുകാരോട് എനിക്കു ബഹുമാനമാണ്. പ്രവാസികളിൽ നാടിനോട് നാട്ടിലുള്ള മലയാളിയെക്കാൾ സ്നേഹമുള്ളവർ അവർ മാത്രമാണ്. നാടിനുവേണ്ടി അധ്വാനിക്കുന്ന അവരോട് പുച്ഛം തോന്നുന്നവൻ മനുഷ്യനല്ല.

***8- ഒരു പത്രപ്രവർത്തകൻ ആയ അനുഭവത്തിൽ നിന്നും, അറിവിൽ നിന്നും, സമൂഹത്തിൽ അറിയപ്പെടുന്ന ഏതെങ്കിലും മാന്യവ്യക്തി, വ്യക്തിജീവിതത്തിൽ അങ്ങിനെ അല്ലെന്നും, അതിനാൽ തന്നെ ആ വ്യക്തിയിലുള്ള വിശ്വാസം നഷ്ടപ്പെടുവാനുമായിട്ടുള്ള അനുഭവം ഉണ്ടായിട്ടുണ്ടോ?***

മുടിഞ്ഞ ജാഡയും അഹങ്കാരവുമാണെന്നു കരുതി മുട്ടാൻ ചെന്നിട്ട് വിനയപൂർവമുള്ള പെരുമാറ്റം കൊണ്ട് എന്നെ ലജ്ജിപ്പിച്ചവർ അനേകമുണ്ട്.

***9- വിവാഹം കഴിച്ചിട്ടുണ്ടോ. വിവാഹിതനാണെങ്കിൽ സ്കൂളിലോ, കോളെജിലോ, അല്ലെങ്കിൽ ജീവിതത്തിൽ എവിടെയെങ്കിലും വച്ച് പരിചയപ്പെട്ട കുട്ടിയാണോ വധുവായി വന്നത്?***

ഉവ്വ്.

***10- ബൂലോകത്തിനു വെളിയിൽ ബെർളി ആരാണ്?,( വീട്ടിൽ, നാട്ടിൽ, സുഹൃത്തുക്കളുടെ ഇടയിൽ, ഭാര്യയുടെ മുൻപിൽ, പള്ളിയിൽ..)***

വലിയ വിവരവും കാര്യപ്രാപ്തിയുമില്ലാത്ത, സൗന്ദര്യവും ആകാരസൗഷ്ഠവവും വ്യക്തിപ്രഭാവവും മാത്രമുള്ള ഒരു പാവം കോടീശ്വരൻ.

***11- മമ്മൂട്ടിയുമായിട്ടുള്ള ബന്ധം, ഒന്ന് വിശദീകരിക്കാമോ?***

2008 ജനവരി ഒന്നിന് അദ്ദേഹത്തിൻറെ ബ്ലോഗ് ലോഞ്ചിങ് ചടങ്ങിൽ പങ്കെടുത്തിരുന്നു. പറഞ്ഞു പരിചയപ്പെടുത്തിയാൽ അദ്ദേഹം ഓർക്കാൻ സാധ്യതയുണ്ട്.

***12- ബെർളി തന്നെയാണ്, സ്വയം രൂപീകൃതമായ “ചാർളി” യെന്ന കഥാപാത്രമായി വരുന്നതെന്ന് പറഞ്ഞാൽ അതിൽ എത്രമാത്രം സത്യമുണ്ട്. ചാർളിയെന്ന ഒരു കഥാപാത്രസൃഷ്ടിയുടെ പുറകിലുള്ള ചേതോവികാരം എന്തായിരുന്നു?***

ചാർളിയുടെ അപ്രകാശിതപ്രേമലേഖനം എന്ന സൃഷ്ടിയാണ് ഉദ്ദേശിക്കുന്നതെങ്കിൽ അത് ഞാൻ തന്നെയാണ്. അതിലെ സംഗീത ഇപ്പോൾ ഓസ്ട്രേലിയയിൽ ഒരുത്തൻറെ ഭാര്യയായി ജീവിക്കുന്നുണ്ട്.

***13- എത്രാമത്തെ വയസ്സിൽ ആദ്യമായി ബ്ലൂഫിലിം കണ്ടു..... ഇഷ്ടപ്പെട്ട ബ്ലൂഫിലിം എതായിരുന്നു. “ടാർസൻ - ഷെയിം ഓഫ് ജയിൻ” എന്ന ലോകപ്രസിദ്ധമായ, അവാർഡുകൾ വാരിക്കൂട്ടിയ പോൺ മൂവി കണ്ടിട്ടുണ്ടോ?***

ബ്ലൂഫിലിം ആദ്യമായി കണ്ടത് പ്രീഡിഗ്രിക്കു പഠിക്കുമ്പോഴാണെന്നു തോന്നുന്നു. നൈറ്റ് ട്രെയിൻ എന്നൊരു വിഡിയോ കാസറ്റ് ആയിരുന്നു. ആകെക്കൂടി ആയിരമെണ്ണമെങ്കിലും കണ്ടു കാണും. ടാർസനൊക്കെ പണ്ടേ കണ്ടതാണ്.ഇപ്പോൾ കാണാറില്ല. ഡീസൻറായതുകൊണ്ടല്ല പുതിയ പടങ്ങൾക്ക് നിലവാരമില്ല.

***14- ഫാൻറസികളിൽ വ്യാപൃതനായി സ്വയംഭോഗം ചെയ്തിട്ടുണ്ടോ? സെക്സിൽ ഫാൻറസിയുടെ പങ്കിനെക്കുറിച്ച് ബെർളി എന്തു പറയുന്നു?***

ഫാൻറസി ഒൻപത് എയിലും ഞാൻ ഒൻപത് ബിയിലുമായിരുന്നു. അവളിൽ വ്യാപൃതനാകണമെന്ന് ആഗ്രഹമുണ്ടായിരുന്നു. അങ്ങനെ വ്യാപൃതനാകാൻ പറ്റിയാൽ പിന്നെ മറ്റേത് ചെയ്യേണ്ട ആവശ്യമില്ലല്ലോ.

***15- മനോരമ പോലുള്ള ഒരു പത്രത്തിൽ ജോലി ചെയ്യുകയും, ലോകത്തിന്റെ നാനാത്തലത്തിലുള്ള പ്രസ് ഏജൻസിയിൽ നിന്നും വരുന്ന വാർത്തകൾ അപ്പപ്പോൾ അറിയാനുള്ള ഭാഗ്യം ബെർളിക്കുണ്ട്. അത്തരത്തിൽ ഒരു പത്രം ചവറ്റുകുട്ടയിൽ തള്ളുന്ന വാർത്തകൾ, സ്വതസിദ്ധമായ നർമ്മത്തിൽ പൊതിഞ്ഞു ബെർളി സ്വന്തം പോസ്റ്റിലിടുന്നുവെന്നുള്ള വിമർശനത്തെ എങ്ങിനെ നോക്കികാണുന്നു?***

നിരുപാധികം തള്ളിക്കളയുന്നു. ഗൂഗിൾ ന്യൂസിൽ നിന്നുള്ള സംഗതികൾ മാത്രമേ ഞാൻ പോസ്റ്റിനുപയോഗിക്കാറുള്ളൂ.

http://nattapiranthukal.blogspot.com/2010/07/2.html

***16- മമ്മൂട്ടി, മോഹൻലാൽ, കമലഹാസൻ-അമീർഖാൻ എന്നിവരുടെ കാൾഷീറ്റ് കയ്യിലുണ്ടെങ്കിൽ ഇതിൽ ആരെ വച്ച് ബെർളി ഒരു സിനിമ ചെയ്യും, അതിനുള്ള കാരണം വിശദികരിക്കാമോ?***

ആമിർ ഖാനെയും മമ്മൂട്ടിയെയും വച്ച് സിനിമ ചെയ്യും. ഇരുവരും അതുല്യനടൻമാരാണെങ്കിലും കഠിനാധ്വാനം കൊണ്ട് സിനിമയെ വിജയിപ്പിക്കുന്നവരാണ്. ലാലേട്ടനും കമൽഹാസനും അദ്ഭുതപ്രതിഭകളാണ്. അവരുടെ അധ്വാനമല്ല പ്രതിഭയെ വിനോയോഗിക്കുന്നതിലാണ് സിനിമയുടെ വിജയം.അതിനുള്ള കഴിവോ സമാനമായ പ്രതിഭയോ എനിക്കില്ല.

***17- ബെർളി എന്ന വ്യക്തിയിൽ മതവിശ്വാസവും, ഈശ്വരചിന്തയും എത്രത്തോളം സ്വാധീനം ചെലുത്തുന്നുണ്ട?***

മതത്തിൻറെ സ്വാധിനം കുറവാണ്. എന്നാൽ, ഈശ്വരനെ ഓരോ നിമിഷവും അറിയുന്നുണ്ട്. ദൈവാധീനം എന്ന ഓപ്ഷൻ ഒന്നുകൊണ്ടു മാത്രം മുന്നോട്ടുപോകുന്നവനാണ്, പ്രാർഥനയിലൂടെ പടുത്തുയർത്തിയ ചെറിയ ജീവിതമാണ് ആകെയുള്ള കൈമുതൽ.

***18- ബെർളിയെ ജോലി ചെയ്യാൻ മോഹിപ്പിക്കുന്ന ഏതെങ്കിലും പത്രമാധ്യമമോ, ചാനലുകളോ ഉണ്ടോ? ഉണ്ടെങ്കിൽ ആ പത്ര/വാർത്താചാനലുകളിൽ ബെർളി കണ്ട പോസിറ്റീവ് സമീപനങ്ങൾ എന്തെല്ലാം?***

ഇതുവരെ ഇല്ല. സ്വന്തമായി ഒരെണ്ണം തുടങ്ങിയാലോ എന്നാലോചിക്കുന്നുണ്ട്.

***19- ബൂലോകത്ത് ഒരു റിബൽ ആവുന്നതിൽ ആനന്ദം കണ്ടെത്തുന്നുണ്ടോ? ബെർളി മലയാളത്തിൽ സ്ഥിരം ശ്രദ്ധിക്കുന്ന ഒരു ബ്ലോഗ് ഏതാണ്?***

ഞാനെവിടെയും ഒരു റിബൽ അല്ല. എൻറെ അറിവില്ലായ്മയെയും വിവരക്കേടുകളെയും ആളുകൾ അങ്ങനെ തെറ്റിദ്ധരിക്കുന്നതാണ്. ഒരു ബ്ലോഗും പ്രത്യേകമായി നോക്കാറില്ല.

***20- താങ്കളെ ഏറ്റവും അധികം സന്തോഷിപ്പിക്കുന്നത്, ദുഖിപ്പിക്കുന്നതും എന്താണ്?***

ജീവിതം !!

http://nattapiranthukal.blogspot.com/2010/07/2.html